## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 921** **25/01/2018-ൽ മറുപടിയ്ക്ക്.**

**പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ ? | (എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിതസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീര കർഷക ക്ഷേമനിധിയുടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാപെൻഷൻ, ചികിത്സ ധനസഹായം, വിവാഹ ധന സഹായം, മരണാനന്തര ധനസഹായം എന്നിവ നൽകി വരുന്നു. |

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ പാൽ ഉല്പാദനത്തിലെ സ്വയം പര്യാപ്തത ലക്ഷ്യമാക്കി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും, വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.
പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നു.
കർഷകർക്ക് ക്ഷീരസംഘങ്ങൾ വഴി പച്ചപ്പുല്ല് ലഭ്യമാക്കുന്നു.
ക്ഷീര കർഷകർക്കും കന്നുകാലികൾക്കും കുറഞ്ഞ നിരക്കിൽ ഇൻഷുറൻസ് പരിരക്ഷ നല്കുന്നു.
കാലിത്തൊഴുത്തു നവീകരണ ധനസഹായം നൽകുന്നു.
ഡയറി ഫാമുകളുടെ ആധുനിക വത്കരണം എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ.

സെക്ഷൻ ഓഫീസർ